<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 193</u> <u>07-10-2024 - ൽ മറുപടിയ്ക്ക്</u>

<u>ചിറയിൻകീഴ് മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ അനുവദിച്ച പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചിറയിൻകീഴ് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ച് നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചിറയിൻകീഴ് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ച് നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.<br><br><u>താലൂക്ക് ആശുപത്രി ചിറയിൻകീഴ്</u><br><br>ആംബുലൻസ് വാങ്ങൽ - 17,47,608/- രൂപ<br><br>ഹൈമാസ് ലൈറ്റ് സ്ഥാപിക്കൽ - 5,46,000/- രൂപ<br><br><u>സി.എച്ച്.സി. പുത്തൻതോപ്പ്</u><br><br>ആംബുലൻസ് വാങ്ങൽ - 17,47,608/- രൂപ<br><br><u>എഫ്.എച്ച്.സി. കിഴുവില്ലം</u><br><br>ഒ.പി. ബ്ലോക്ക്നിർമ്മാണം - 5,00,000/- രൂപ<br><br><u>എഫ്.എച്ച്.സി. മുദാക്കൽ</u><br><br>പുതിയ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണം - 85 ലക്ഷം രൂപ (പ്രവൃത്തി പുരോഗമിക്കുന്നു) |
| (ബി) | വിവിധ പദ്ധതികൾ പ്രകാരം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (ബി) | ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതി പ്രകാരം നടക്കുന്ന 7 നില കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തി 75 ശതമാനം പൂർത്തിയായിട്ടുണ്ട്. തുടർപ്രവൃത്തികൾ നടന്നു വരുന്നു. രണ്ടാമത്തെ പാക്കേജിൽ (Electrical, Plumping, Fire Fighting, HVAC, ELV) 27 ശതമാനം പൂർത്തിയായിട്ടുണ്ട്. എം.ഇ.പി. പ്രവൃത്തി കഴിഞ്ഞാലുടൻ തന്നെ കെ.എം.എസ്.സി.എൽ.-ൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനും ഫർണിച്ചറുകൾ വാങ്ങുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. നിലവിൽ ഉപകരണങ്ങളുടെയും ഫർണ്ണിച്ചറുകളുടെയും ലിസ്റ്റ് തയ്യാറാക്കി കെ.എം.എസ്.സി.എൽ.-ന് നൽകുകയും |

| | | | |
|---|---|---|---|
| | | | ആയതിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എഫ്.എച്ച്.സി. മുദാക്കലിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ